# റിവോൾവിങ് ഫണ്ട് പ്രോജെക്ട്

**സ്കൂൾ ഓഫ് അനിമൽ ന്യൂട്രിഷൻ ആൻഡ് ഫീഡ് ടെക്നോളജി**
**കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യുണിവേഴ്സിറ്റി**
**മണ്ണുത്തി, തൃശൂർ, കേരളം PIN - 680651**
ഫോൺ - 8078400653, ഇമെയിൽ - rfnutrimty@kvasu.ac.in


നമ്പർ : കെ വി എ എസ് യു / എസ് എ എൻ എഫ് ടി /ആർ എഫ് ഫീഡ് മിൽ/ 39/2023-24

മണ്ണുത്തി
തീയ്യതി : 22.07.2024

## <u>ടെൻഡർ നോട്ടീസ്</u>

കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യുണിവേഴ്സിറ്റി മണ്ണുത്തി ക്യാമ്പസ്സിലെ സ്കൂൾ ഓഫ് അനിമൽ ന്യൂട്രിഷൻ ആൻഡ് ഫീഡ് ടെക്നോളജി വിഭാഗത്തിന് കീഴിൽ പ്രവർത്തിക്കുന്ന റിവോൾവിങ് ഫണ്ട് ഫീഡ്മില്ലിലേക്ക് സമ്പൂർണ്ണ കാലിത്തീറ്റ ബ്ലോക്കുകൾ, ധാതുലവണ തീറ്റ മിശ്രിതങ്ങൾ (നിർമ്മാണവും പാക്കേജിങ്ങും), പെറ്റ് ഫീഡ് എന്നിവ **6** മാസത്തെ കരാർ അടിസ്ഥാനത്തിൽ നിർമ്മിക്കുന്നതിനുള്ള മുദ്ര വെച്ച ടെൻഡറുകൾ വ്യക്തികൾ / സ്ഥാപനങ്ങളിൽ നിന്നും ക്ഷണിച്ചുകൊള്ളുന്നു.

**ടെൻഡർ** ലഭിക്കേണ്ട അവസാന തീയ്യതി : **06/08/2024 2:30 P.M.** വരെ
**ടെൻഡർ** തുറക്കുന്ന തീയ്യതി : **06/08/2024 3:00 P.M.** ന്

**<u>കരാർ സംബന്ധിച്ച സുപ്രധാന വിവരങ്ങൾ</u>**

1. ദിവസേന നൽകുന്ന ഫോർമുല ഉപയോഗിച്ച് സമ്പൂർണ്ണ കാലിത്തീറ്റ ബ്ലോക്കുകൾ നിർമ്മിക്കുന്നതിനാവശ്യമായ പുല്ല്/വൈക്കോൽ പൊടിച്ചു അതിനോടൊപ്പം മറ്റു ചേരുവകൾ ശരിയായ അളവിലും തുക്കത്തിലും ചേർത്തുള്ള ബ്ലോക്ക് നിർമ്മാണം.
2. ദിവസേന നൽകുന്ന ഫോർമുല ഉപയോഗിച്ച് ധാതു ലവണ മിശ്രിതം / തീറ്റ മിശ്രിതം നിർമ്മിക്കുന്നതിനാവശ്യമായ സാമഗ്രികൾ ശരിയായ അളവിലും തുക്കത്തിലും ഉപയോഗിച്ചുള്ള ധാതു ലവണ മിശ്രിതം / തീറ്റ മിശ്രിത നിർമ്മാണം.
3. ദിവസേന നൽകുന്ന ഫോർമുല അനുസരിച്ചു മാംസ്യം, വെജിറ്റബിൾസ് ആദിയായവ ഉണക്കിപ്പൊടിച്ചു മറ്റു ചേരുവകൾക്കൊപ്പം ചേർത്ത് ശരിയായ അളവിലും തൂക്കത്തിലും ചേർത്തുള്ള പെറ്റ് ഫുഡ് നിർമ്മാണവും പാക്കേജിങ്ങും.
4. ഫീഡ് മില്ലിൽ നിർമ്മിക്കുന്ന വിവിധയിനം ധാതുലവണ മിശ്രിതം / തീറ്റ മിശ്രിതം വിവിധ അളവിലുള്ള പാക്കറ്റുകളിലാക്കി നിറച്ചു സീൽ ചെയ്തു അടുക്കി വയ്ക്കുക.
5. ദിവസേന ഉപയോഗിക്കുന്ന തീറ്റ സാമഗ്രികളുടെ കാലിയായ ചാക്കുകൾ അടുക്കി കെട്ടിവയ്ക്കുക.
6. നിർമ്മിച്ച തീറ്റ ചാക്കിലാക്കി തരംതിരിച്ച് നിശ്ചിത സ്ഥലത്ത് അട്ടിയിടുക.
7. തീറ്റ / തീറ്റ മിശ്രിതങ്ങളുടെ നിർമ്മാണത്തിനു ശേഷം ഉത്പാദന അനുബന്ധ യന്ത്രങ്ങളും പരിസരവും വൃത്തിയാക്കുക.

| നമ്പർ | ടെൻഡർ ഫോം വില | നിരതദ്രവ്യം |
|---|---|---|
| **1.** | **Rs. 590/-** [500 + 90 (GST 18%)] | **1700/-** |

പ്രൊഫസർ & പി ഐ

Professor & PI
RF Project on Supply of compound feed and Mineral Mixture for various classes of livestoc
KVASU, Mannuthy.

**ടെൻഡർ** ഫോമിനും കൂടുതൽ വിവരങ്ങൾക്കും www.kvasu.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.



Scanned with ACE Scanner

## ടെൻഡറിൻെറ വിശദംശങ്ങൾ ഇതോടൊപ്പം ചേർക്കുന്നു

### നിബന്ധനകൾ

ടെൻഡർ സമർപ്പിക്കുന്ന കവറിനു പുറത്ത് "സ്കൂൾ ഓഫ് അനിമൽ ന്യൂട്രിഷൻ ആൻഡ് ഫീഡ് ടെക്നോളജി വിഭാഗത്തിന് കീഴിൽ പ്രവർത്തിക്കുന്ന റിവോൾവിങ് ഫണ്ട് ഫീഡ്മില്ലിലേക്ക് സമ്പൂർണ്ണ കാലിത്തീറ്റ ബ്ലോക്കുകൾ, ധാതുലവണ തീറ്റ മിശ്രിതങ്ങൾ (നിർമ്മാണവും പാക്കേജിങ്ങും), പെറ്റ് ഫീഡ് എന്നിവ നിർമ്മിക്കുന്നതിനുള്ള ടെൻഡർ" എന്ന് രേഖപ്പെടുത്തിയിരിക്കണം.

| ക്രമ നമ്പർ | ഉത്പാദന വിവരങ്ങൾ | ആറ് മാസത്തെ ശരാശരി ഉത്പാദനം (ടൺ) | ഒരു കിലോഗ്രാം തീറ്റ / തീറ്റ മിശ്രിത നിർമ്മാണത്തിനുള്ള കുലി (Rs.) |
|---|---|---|---|
| 1 | സമ്പൂർണ്ണ കാലിത്തീറ്റ ബ്ലോക്കുകളുടെ (TMR Block) നിർമ്മാണം | 30 ടൺ | |
| 2 | ധാതുലവണ തീറ്റ മിശ്രിതം നിർമ്മാണം | 25 ടൺ | |
| 3 | പെറ്റ് ഫീഡ് (Pet feed) നിർമ്മാണവും പാക്കേജിങ്ങും | 2.5 ടൺ | |

| ക്രമ നമ്പർ | ഉത്പാദന വിവരങ്ങൾ | ആറ് മാസത്തെ ശരാശരി ഉത്പാദനം (ടൺ) | ഒരു പായ്ക്കറ്റ് ധാതുലവണ മിശ്രിതം / തീറ്റ മിശ്രിതം പായ്ക്കിങ്ങിനുള്ള കുലി (Rs.) |
|---|---|---|---|
| 1 | ധാതുലവണ മിശ്രിതം / തീറ്റ മിശ്രിതം വിവിധ അളവിലുള്ള പാക്കറ്റുകളിലാക്കി നിറച്ചു സീൽ ചെയ്യുന്നതിനായി ഒരു പാക്കറ്റിന് | 12 – 20 ടൺ | |

1. ടെൻഡർ കാലാവധി ടെൻഡർ നിജപ്പെടുത്തിയതിനുശേഷം ആറുമാസ കാലയളവിലേക്കായിരിക്കും. ഈ കാലയളവിൽ യാതൊരു കാരണവശാലും കരാർ തുക വർധിപ്പിക്കുന്നതല്ല.
2. ടെൻഡർ തുക പ്രതിപാദിക്കേണ്ടത് ഒരു കിലോഗ്രാം തീറ്റ നിർമ്മിക്കുന്നതിന് അനുസൃതമായ പ്രവർത്തികൾ ഉൾപ്പെടെ ആയിരിക്കണം.
3. ടെൻഡർ ഫോമിൻെറ വില ആയ 590/- രൂപയും [Rs. 500/ - + 90/- (GST 18%)] നിരതദ്രവ്യം ആയ 1700/- രൂപയും പ്രൊഫസർ & പി ഐ, റിവോൾവിങ് ഫണ്ട് പ്രോജെക്ട്, സ്കൂൾ ഓഫ് അനിമൽ ന്യൂട്രിഷൻ ആൻഡ് ഫീഡ് ടെക്നോളജി, കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി എന്ന പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, മണ്ണുത്തി ബ്രാഞ്ചിൽ മാറാവുന്ന വെവ്വേറെ ഡിമാൻഡ് ഡ്രാഫ്റ്റുകളായോ പണമായോ ടെൻഡറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. മേല്പറഞ്ഞ തുകയ്ക്കുള്ള പണം / ഡിമാൻഡ് ഡ്രാഫ്റ്റുകൾ ടെൻഡറിനോടൊപ്പം സമർപ്പിക്കാത്ത ടെൻഡറുകൾ നിരസിക്കുന്നതാണ്.



Scanned with ACE Scanner

4. ടെൻഡർ ലഭിച്ച കരാറുകാരൻ സെക്യൂരിറ്റി ഡെപ്പോസിറ്റായി ഒരു വർഷത്തെ കരാർ തുകയുടെ 5% ആയ തുക പ്രൊഫസർ & പി ഐ , റിവോൾവിങ് ഫണ്ട് പ്രോജെക്ട് , സ്കൂൾ ഓഫ് അനിമൽ ന്യൂട്രിഷൻ ആൻഡ് ഫീഡ് ടെക്നോളജി, കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി എന്ന പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, മണ്ണുത്തി ബ്രാഞ്ചിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായോ, ഓഫീസിൽ നേരിട്ടോ അടക്കേണ്ടതാണ്.

5. ഏർപ്പെട്ട കരാറിൽ നിന്ന് പിന്മാറാൻ ഉദ്ദേശ്യമുള്ള പക്ഷം കുറഞ്ഞത് ഒരു മാസം മുൻപ് ബന്ധപ്പെട്ട അധികാരിക്കു മുമ്പാകെ നോട്ടീസ് നൽകേണ്ടതാണ്. നോട്ടീസ് നൽകാതെ കരാറിൽ നിന്ന് പിന്മാറിയാൽ ഫീഡ് മില്ലിനുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് കരാറുകാരൻ ഉത്തരവാദിയായിരിക്കും.

6. പ്രൊഫസർ & പി ഐ - ക്ക് എപ്പോൾ വേണമെങ്കിലും ഏർപ്പെട്ട കരാർ കാരണമൊന്നും ബോധിപ്പിക്കാതെ, 48 മണിക്കൂർ സമയത്തെ നോട്ടീസ് നൽകി റദ്ദാക്കാവുന്നതാണ്.

7. കരാറുകാരൻ 200 രൂപ മുദ്രപേപ്പറിൽ നിശ്ചിതമാതൃകയിൽ കരാർ വ്യവസ്ഥ ഒപ്പുവെക്കേണ്ടതാണ്.

8. തൃപ്തികരമായ രീതിൽ ഫീഡ് ഉത്പാദനം ചെയ്തശേഷം ഒരു മാസത്തെ ബില്ല് ഉത്പന്നങ്ങളുടെ വിശദാംശങ്ങൾ ഉൾപ്പെടെ നൽകേണ്ടതാണ്. തുക ഒരുമിച്ച് അടുത്തമാസം നൽകുന്നതാണ്. യാതൊരു കാരണവശാലും തുക മുൻകൂറായി നൽകുന്നതല്ല.

9. കരാറുകാരൻ ഫീഡ് ഉത്പാദനം നിശ്ചയിച്ച സമയത്തു നൽകാതെയോ ഇടയ്ക്കു വച്ച് നിർത്തുകയോ ചെയ്താൽ അടുത്ത കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ വ്യക്തിക്ക് കരാർ നൽകുന്നതായിരിക്കും.

10. ഒരേ ദിവസം തന്നെ ഒന്നിൽകൂടുതൽ ഫീഡ് ഉത്പാദനം ചെയ്യേണ്ടി വന്നാൽ കരാറുകാരന്റെ ഉത്തരവാദിത്വത്തിൽ പകരം തൊഴിലാളികളെ ഏർപ്പാടാക്കി ചെയ്യേണ്ടതാണ്.

11. പ്രൊഫസർ & പി ഐ - യോ അദ്ദേഹം അധികാരപ്പെടുത്തുന്ന വ്യക്തിയോ വ്യക്തികൾക്കോ പുറപ്പെടുവിക്കുന്ന ഏതൊരു നിർദേശവും പാലിക്കാൻ കരാറുകാരൻ ബാധ്യസ്ഥനാണ്.

12. ലഭ്യമാകുന്ന എല്ലാ ടെണ്ടറുകളും പ്രൊഫസർ & പി ഐ യുടെ സൂക്ഷ്മപരിശോധനക്ക് വിധേയമാക്കുന്നതും ടെണ്ടർ വ്യവസ്ഥകൾക്കനുസരിച്ചു പ്രവർത്തിക്കാമെന്നു ഉറപ്പുനൽകുകയും ചെയ്യുന്ന കക്ഷിക്ക് കരാർ നല്കപ്പെടുന്നതാണ്.

13. വൈകി സമർപ്പിക്കപ്പെടുന്നതും അപൂർണ്ണവും ആയ ടെൻഡറുകൾ സ്വീകരിക്കുന്നതല്ല.

14. ഈ ടെൻഡർ സംബന്ധിച്ച ഏതൊരു തീരുമാനവും കൈകൊള്ളുന്നതിനും ടെൻഡറിൽ പങ്കെടുക്കുന്ന വ്യക്തികളോട് യാതൊരു കാരണവും ബോധിപ്പിക്കാതെ ടെൻഡർ നിരാകരിക്കുന്നതിനുള്ള പരിപൂർണ്ണ അവകാശം പ്രൊഫസർ & പി ഐ യിൽ നിക്ഷിപ്തമായിരിക്കും.

15. ഗവണ്മെന്റ് ടെൻഡറിന്റെ എല്ലാ വ്യവസ്ഥകളും ഈ ടെൻഡറിനും ബാധകമാണ്.

Revolving Fund Project-Feed Mill-SANFT Mannuthy

പ്രൊഫസർ & പി ഐ

Professor & P I
RF Project on Supply of compound feed and Mineral Mixture for various classes of livestuu
KVASU, Mannuthy.

പകർപ്പ് : നോട്ടീസ് ബോർഡ്, എസ് എ എൻ എഫ് ടി - ആർ എഫ് ഫീഡ് മിൽ /ഫയൽ
/യൂണിവേഴ്സിറ്റി വെബ്സൈറ്റ്



Scanned with ACE Scanner